LIBRARY ARCHIVES Kerala Legislative Assembly

വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസം സർക്യൂട്ട്

257 (6962) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുമ്പൂർമുഴി, അതിരപ്പിള്ളി, വാഴച്ചാൽ, ഏഴാറ്റുമുഖം, കാവടി, മലയാറ്റൂർ, കോടനാട്, ഭൂതത്താൻകെട്ട് തുടങ്ങിയ ടൂറിസ്റ്റു കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടൂറിസം സർക്യൂട്ട് ആരംഭിക്കുമെന്ന മുൻവർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 30 വർഷത്തെ കാഴ്ചപ്പാടോടുകൂടി ഒരു മാസ്റ്റർ പ്ലാൻ (കാവടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട്) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത മാസ്റ്റർപ്ലാൻ തയ്യാറാക്കിയ ശേഷം മാത്രമേ ടൂറിസം സർക്യൂട്ട് നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

വഴിയമ്പലം, പൈതൃക ശേഷിപ്പ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടി

258 (6963) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാത്തന്നൂർ മണ്ഡപത്തിൽ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ മീനമ്പലം എന്ന സ്ഥലത്ത് നിലകൊള്ളുന്ന വഴിയമ്പലം, ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പൈതൃകശേഷിപ്പ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ച് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സന്നദ്ധമാകുമോ ?

ഉത്തരം

(എ&ബി) പരിശോധിക്കുന്നതാണ്.